REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 27-01-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- പാർലമെന്റ് ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി കേന്ദ്രമന്ത്രി കിരൺ റിജിജു രാവിലെ സർവ്വകക്ഷിയോഗം വിളിച്ചു.
- ഇന്ത്യ- യൂറോപ്യൻ യൂണിയൻ, സുരക്ഷാ - രാജ്യരക്ഷാ പങ്കാളിത്ത കരാർ ഇന്ന് ഒപ്പുവെയ്ക്കും.
- ഗവർണറുടെ നയപ്രഖ്യാപനത്തിൽ നന്ദി പ്രമേയ ചർച്ച നിയമസഭയിൽ രാവിലെ പുനഃരാരംഭിക്കും.
- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വൈജ്ഞാനിക പുരസ്കാരങ്ങൾ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ സമ്മാനിക്കും.
- അണ്ടർ -19 ലോകകപ്പ് ക്രിക്കറ്റിലെ സൂപ്പർ -6 സ്റ്റേജിൽ ഇന്ത്യ ഇന്ന് സിംബാംബ്‌വെയെ നേരിടും.

## വാർത്തകൾ വിശദമായി

പാർലമെന്റ് ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി സുപ്രധാന ദേശീയ പ്രശ്നങ്ങളും സഭാനടത്തിപ്പും ചർച്ച ചെയ്യാൻ പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു ഡൽഹിയിൽ രാവിലെ 11-ന് സർവ്വകക്ഷിയോഗം വിളിച്ചു. നാളെ മുതൽ ഏപ്രിൽ രണ്ട് വരെയാണ് പാർലമെന്റ് സമ്മേളിക്കുന്നത്. ഫെബ്രുവരി 13 വരെ ആദ്യഘട്ടവും, മാർച്ച് ഒൻപത് മുതൽ രണ്ടാം ഘട്ടവും നടത്താനാണ് തീരുമാനം. ഫെബ്രുവരി ഒന്നിന് കേന്ദ്രബജറ്റ് അവതരിപ്പിക്കും. നാളെ രാഷ്ട്രപതി ദ്രൗപതി മുർമു പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്ത യോഗത്തെ അഭിസംബോധന ചെയ്ത് ബജറ്റ് സമ്മേളനത്തിന് തുടക്കമിടും.

✪✪✪

**ഇന്ത്യ ഊർജ്ജ വാരത്തിന്റെ നാലാം പതിപ്പ് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് സൗത്ത് ഗോവയിലെ ബേദുൽ ഗ്രാമത്തിൽ വെർച്വലായി ഉദ്ഘാടനം ചെയ്യും. സമ്മേളനത്തിൽ പങ്കെടുക്കുന്ന പ്രതിനിധികളെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.**

**കേന്ദ്ര പെട്രോളിയം പ്രകൃതി വാതക മന്ത്രി ഹർദീപ് സിംഗ് പുരി, UAE, കാനഡ, ആഫ്രിക്ക, മിഡിൽ ഈസ്റ്റ്, മധ്യഏഷ്യ, ഗ്ലോബൽ സൗത്ത് എന്നിവിടങ്ങളിലെ മുതിർന്ന മന്ത്രിമാർ കോൺക്ലേവിൽ പങ്കെടുക്കും.**

✪✪✪

**ഇന്ത്യ- യൂറോപ്യൻ യൂണിയൻ, സുരക്ഷാ - രാജ്യരക്ഷാ പങ്കാളിത്ത കരാർ ഇന്ന് ഒപ്പുവെയ്ക്കുമെന്ന് യൂറോപ്യൻ കമ്മീഷൻ വൈസ് പ്രസിഡണ്ട് കാജാ കല്ലാസ് ഡൽഹിയിൽ അറിയിച്ചു.**

**സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച പ്രഖ്യാപനവും, ഇന്നത്തെ ഇന്ത്യ- യൂറോപ്യൻ യൂണിയൻ ഉച്ചകോടിയിൽ ഉണ്ടായേക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ഉച്ചകോടിയിൽ യൂറോപ്യൻ യൂണിയൻ നേതാക്കൾ ചർച്ചയും നടത്തും.**

✪✪✪

**പ്രധാനമന്ത്രി നരേന്ദ്ര മോദി ആവിഷ്കരിച്ച 'പ്രഗതി' ഫ്ലാഗ്ഷിപ് പദ്ധതിയിൽ 50 അവലോകന യോഗങ്ങൾ വിജയകരമായി പൂർത്തീകരിച്ചു. 2015 ൽ ആരംഭിച്ച പ്രഗതി, രാജ്യത്തെ ഭരണ രംഗത്ത് പുതിയ മാറ്റങ്ങൾക്കാണ് തുടക്കമിട്ടത്. ഒഡീഷയിലെ ഹരിദാസ്പൂർ-പാരാദീപ് റെയിൽവെലൈൻ പൂർത്തീകരണത്തെ കുറിച്ചാണ് ആകാശവാണിയുടെ ഇന്നത്തെ 'പ്രഗതി' പ്രത്യേക റിപ്പോർട്ട്.**

**......(വോയ്സ്)...........**

**കിഴക്കൻ ഇന്ത്യയിലെ ധാതു സമൃദ്ധമായ മേഖലയിൽ നിന്ന് പാരാദീപ് തുറമുഖത്തേക്ക് ചരക്കുനീക്കത്തിനാണ് 82 കിലോമീറ്റർ പാത നിർമ്മിക്കാൻ തീരുമാനിച്ചത്. 1997 ജനുവരിയിൽ റെയിൽവെ മന്ത്രാലയം പദ്ധതിക്ക് അനുമതി നൽകി. ഭൂമി ഏറ്റെടുപ്പ്, സാമ്പത്തിക പ്രശ്നങ്ങൾ, ലൈസൻസ് - അനുമതി തടസ്സങ്ങൾ എന്നിവ മൂലം പദ്ധതി നീണ്ടുപോയി. വനമേഖലയിലൂടെ കടന്നുപോകുന്ന പാതയ്ക്ക് പരിസ്ഥിതി അനുമതിയും പ്രശ്നമായി.**

**2018 ഓഗസ്റ്റിൽ പ്രഗതി പദ്ധതിയ്ക്ക് കീഴിലാക്കിയതോടെ ആദ്യ അവലോകന യോഗം ചേർന്നു. പദ്ധതിയുടെ ദേശീയ പ്രാധാന്യവും,**

ചരക്കുനീക്കത്തിലെ ആവശ്യകതയും കണക്കിലെടുത്ത് സമയബന്ധിതമായ പദ്ധതി പൂർത്തീകരണത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി യോഗത്തിൽ നിർദ്ദേശം നൽകി. ഇതോടെ റെയിൽവെ മന്ത്രാലയവും ഒഡീഷ ഗവൺമെന്റും, ജില്ലാഭരണകൂടവും ഏകീകരിച്ച് പ്രവർത്തിച്ച് 2020 ൽ പദ്ധതി കമ്മീഷൻ ചെയ്തു. 2024 മാർച്ചിൽ ഈ പാതയിൽ യാത്രാട്രെയിനും ഓടിത്തുടങ്ങി.

✪✪✪

ഗവർണറുടെ നയപ്രഖ്യാപനത്തിൽ നന്ദി പ്രമേയ ചർച്ച നിയമസഭയിൽ ഇന്ന് പുനഃരാരംഭിക്കും.

ആകാശവാണി ലേഖകൻ സ്മിതി M. പള്ളുരുത്തി.

....(വോയ്സ്)

നാലു ദിവസത്തെ ഇടവേളയ്ക്കു ശേഷം ഇന്നു സംസ്ഥാന നിയമസഭാ സമ്മേളനം പുനരാരംഭിക്കുമ്പോൾ നന്ദി പ്രമേയ ചർച്ചയാണ് കാര്യ പരിപാടിയിലുള്ള പ്രധാന ഇനം. വ്യാഴാഴ്ച ടി പി രാമകൃഷ്ണൻ നന്ദി പ്രമേയം അവതരിപ്പിച്ചെങ്കിലും ശബരിമല പ്രശ്നത്തിലുള്ള പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് സഭ പിരിയുകയായിരുന്നു. ചോദ്യോത്തര വേളയ്ക്ക് ശേഷം ലേബർ കോഡുകൾ സംബന്ധിച്ച് പി നന്ദകുമാറും വ്യാജ ഭിന്ന ശേഷി സർട്ടിഫിക്കറ്റുകളെ കുറിച്ച് കെ കെ രമയും ശ്രദ്ധ ക്ഷണിക്കലിനു നോട്ടീസ് നൽകിയിട്ടുണ്ട്. ശബരിമല വിഷയം ഇന്നും സഭയിൽ ശക്തമായ വാദപ്രതിവാദങ്ങൾക്കു വഴി വെക്കാനാണ് സാധ്യത.

✪✪✪

സംസ്ഥാനത്ത് LDF ന് തുടർഭരണം ഉറപ്പാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. CPIM ന്റെ ഭവന സന്ദർശനം എല്ലാ പ്രതിസന്ധികളും നീക്കുമെന്നും അദ്ദേഹം പത്തനംതിട്ടയിൽ ജില്ലാസെക്രട്ടേറിയറ്റിൽ അഭിപ്രായപ്പെട്ടു. ആരും സ്വയം സ്ഥാനാർത്ഥികൾ ആകേണ്ടെന്നും, സമയം ആകുമ്പോൾ പാർട്ടി സ്ഥാനാർത്ഥികളെ തീരുമാനിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. ചില സിറ്റിംഗ് MLA മാർ സ്ഥാനാർത്ഥികളായേക്കാം. ചിലപ്പോൾ മാറേണ്ടിയും വരുമെന്ന് അദ്ദേഹം സൂചിപ്പിച്ചു. തിരഞ്ഞെടുപ്പ് പ്രചാരണത്തിന് നേതൃത്വം നൽകുമെന്ന് അറിയിച്ച പിണറായി വിജയൻ, എന്നാൽ തിരഞ്ഞെടുപ്പിൽ മത്സരിക്കുമോ എന്ന് വ്യക്തമാക്കിയില്ല.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പിലെ കോൺഗ്രസ് സ്ഥാനാർഥി നിർണയ ചർച്ചകൾക്കായി KPCC തെരഞ്ഞെടുപ്പ് സമിതി ഇന്ന് തിരുവനന്തപുരത്ത് ആരംഭിക്കും. ജില്ലകളിലെ കോർ കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടെ

പ്രമുഖരുമായി നേതൃത്വം കൂടിക്കാഴ്ച നടത്തും. ഇന്നു മുതൽ വ്യാഴാഴ്ച വരെയാണ് യോഗങ്ങൾ.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ നേതൃത്വത്തിൽ തീർത്ഥാടനത്തിന് പോകുന്നവർക്ക് പരാതിക്കിടയില്ലാത്ത വിധം സംവിധാനങ്ങൾ ഒരുക്കുമെന്ന് മന്ത്രി V അബ്ദുറഹ്മാൻ അറിയിച്ചു. സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ഹജ്ജ് സാങ്കേതിക ക്ലാസ് രണ്ടാം ഘട്ടം കണ്ണൂർ തളിപ്പറമ്പിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കഴിഞ്ഞ വർഷത്തെ പരാതികൾ പരിഗണിച്ച് ഈ വർഷം സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക താമസ സൗകര്യം ഒരുക്കുമെന്നും മന്ത്രി പറഞ്ഞു. മെയ് അഞ്ച് മുതൽ 19 വരെ തിയതികളിലാണ് ഹജ്ജ് സംഘങ്ങളുടെ യാത്ര.

✪✪✪

തിരുനാവായമഹാമാഘ മഹോത്സവത്തിൽ ഇന്ന് മഹാനന്ദ നവമി ആചരിക്കും. ഭാരതപ്പുഴയിൽ മഹാനന്ദ സ്നാനം ഇതിന്റെ ഭാഗമായി നടത്തും. ഈ ദിവസം ദുർഗ്ഗാദേവിയേയും ലക്ഷ്മീദേവിയേയും തുല്യ പ്രാധാന്യത്തോടെയാണ് ആരാധി ക്കുന്നത്. മഹാനന്ദ നവമി ദിനത്തിൽ പുണ്യനദികളിലെ സ്നാനം വിശേഷപ്പെട്ടതാണ്.

✪✪✪

തിരഞ്ഞെടുപ്പിൽ വോട്ടർപങ്കാളിത്തം ശക്തിപ്പെടുത്താൻ നടപ്പാക്കിയ മാതൃകാ പ്രവർത്തനങ്ങൾക്ക് തെരഞ്ഞെടുപ്പ് കമ്മീഷന്റെ പുരസ്കാരങ്ങൾ കോഴിക്കോട് ജില്ലാ ഭരണകൂടത്തിന് സമ്മാനിച്ചു. ദേശീയ സമ്മതിദായക ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം കനകക്കുന്ന് പാലസിൽ സംഘടിപ്പിച്ച ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ അവാർഡുകൾ കൈമാറി.

മികച്ച ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർക്ക് ഏർപ്പെടുത്തിയ അവാർഡ് ജില്ലാകലക്ടർ സ്നേഹിൽ കുമാർ സിങ്ങിനാണ്. ഡോ. നിജീഷ് ആനന്ദ് മികച്ച ജില്ലാ ഇലക്ടറൽ ലിറ്ററസി ക്ലബ് കോഓഡിനേറ്റർ പുരസ്കാരത്തിനും, കുന്ദമംഗലത്തെ K രാജേഷ് മികച്ച BLO അവാർഡിനും അർഹരായി.

✪✪✪

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2025 ലെ വൈജ്ഞാനിക പുരസ്കാരങ്ങൾ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ വിതരണം ചെയ്യും. തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിലെ ചടങ്ങിൽ മന്ത്രി സജി ചെറിയാൻ അധ്യക്ഷനാകും.

✪✪✪

ഗ്രാമീണ മേഖലയിൽ കളിക്കളങ്ങൾ, സ്റ്റേഡിയങ്ങൾ, സിന്തറ്റിക് ട്രാക്കുകൾ, എന്നിവയടക്കം പദ്ധതികൾ നടപ്പിലാക്കി വരികയാണെന്ന് മന്ത്രി V അബ്ദുറഹിമാൻ അറിയിച്ചു. കണ്ണൂർ അഴീക്കോട് പഞ്ചായത്തിൽ 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയിൽ നവീകരിച്ച P.V രവീന്ദ്രൻ സ്മാരക ഫ്ലഡ്‌ലൈറ്റ് മിനി സ്റ്റേഡിയം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

അണ്ടർ -19 ലോകകപ്പ് ക്രിക്കറ്റിലെ സൂപ്പർ -6 സ്റ്റേജിൽ ഇന്ത്യ ഇന്ന് സിംബാംബ്‌വെയെ നേരിടും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് ഒരു മണിയ്ക്ക് സിംബാംബ്‌വെയിലെ ബുലവായോയിലാണ് മത്സരം. ഗ്രൂപ്പ് മത്സരങ്ങളിൽ ഒന്നിലും തോൽക്കാതയാണ് ഇന്ത്യ സൂപ്പർ -6 ഘട്ടത്തിൽ പ്രവേശിച്ചത്.

✪✪✪

വഡോദരയിലെ BCA സ്റ്റേഡിയത്തിൽ വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസ് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ 15 റൺസിന് തോൽപ്പിച്ചു. ഇന്ന് ഡൽഹി ക്യാപിറ്റൽസ് ഗുജറാത്ത് ജയന്റ്സിനെ നേരിടും.

✪✪✪

പ്രധാൻമന്ത്രി ഉച്ചതർ ശിക്ഷ അഭിയാൻ, രാഷ്ട്രീയ ഉച്ചതർ ശിക്ഷ അഭിയാൻ എന്നിവയുടെ മേഖലാ തല അവലോകന യോഗം ഇന്നും നാളെയും കണ്ണൂരിൽ നടത്തും.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

....(വോയ്സ്) ................

താവക്കര കാമ്പസ്സിലെ ചെറുശ്ശേരി ഓഡിറ്റോറിയത്തിൽ നടക്കുന്ന അവലോകന യോഗത്തിൽ

കേരളം, , കർണാടക, ആന്ധ്രപ്രദേശ്

തമിഴ്നാട്, പുതുച്ചേരി എന്നിവിടങ്ങളിലെ സർവകലാ ശാല വൈസ് ചാൻസലർമാരും മുതിർന്ന ഉദ്യോഗസ്ഥരും പങ്കെ ടുക്കും.

നിലവിലുള്ള പദ്ധതികൾ വിലയിരുത്തുന്നത് കൂടാതെ ഭാവി പദ്ധതികളുടെ ആസൂ ത്രണം, കേന്ദ്ര പദ്ധതികളിൻ കീഴിൽ കൈവരിച്ച പുരോഗതി എന്നിവ സംബന്ധിച്ച് വിലയിരുത്തലുകളുണ്ടാ കും. സാങ്കേതിക സെഷനുകൾ, സീഡ് മണി വിതരണം, ദേശീയ വിദ്യാഭ്യാസനയം -2020 നടപ്പാ ക്കുന്നതിനെക്കുറിച്ചുള്ള വിദഗ്ധ ചർച്ചകൾ എന്നിവയും നടക്കും.

സ്റ്റാർ ട്ടപ്പ് കോൺക്ലേവ്, ഫൗണ്ടേഴ്സ് മീറ്റ്, വനിതാ ഇന്നവേറ്റേഴ്സ് ഫോറം, സോഷ്യൽ ഇന്നവേഷൻ ഹാക്കത്തോൺ, റോബോട്ടിക്സ് എക്സ്പോ

എന്നിവ ഇന്നുണ്ടാകും താവക്കര കാ മ്പസിൽ നടക്കും. നാളെ രാവിലെ മാങ്ങാട്ടുപറമ്പ് കാമ്പസിൽ ആണ് യോഗം.

✪✪✪

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വിരമിക്കൽ ആനുകൂല്യ വിതരണ പദ്ധതി മന്ത്രി V. ശിവൻകുട്ടി വൈകിട്ട് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. വെട്ടുകാട് കമ്മ്യൂണിറ്റി ഹാളിലെ ചടങ്ങിൽ മന്ത്രി സജി ചെറിയാൻ അധ്യക്ഷനാകും.

✪✪✪

മാധ്യമപ്രവർത്തകർ തൊഴിൽ മേഖലയിൽ പ്രതിസന്ധി നേരിടുന്നുണ്ടെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. വലിയ ശതമാനം മാധ്യമപ്രവർത്തകർക്കും അവർ ആഗ്രഹിക്കുന്ന തരത്തിൽ ജോലി ചെയ്യാൻ സാഹചര്യമില്ല. കാലിക്കറ്റ് പ്രസ് ക്ലബിന്റെ 'ടുഗതർ @ 26 സംഗമം' കാരപറമ്പിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

തൃശൂർ നഗരത്തിന് നാടകക്കാഴ്ചയുടെ ദിവസങ്ങളാണിത്. ലോക നാടകവേദിയുടെ കാഴ്ചകളും ചർച്ചകളും അരങ്ങു തകർക്കുമ്പോൾ നാടക പരീക്ഷണങ്ങളുടെ ഇറ്റ് ഫോക്ക് പ്രദർശനവും ശ്രദ്ധേയമാവുന്നു.

തൃശൂരിൽ നിന്ന് ഭരിത പ്രതാപ്.

..............(വോയ്സ്)...........

ഇറ്റ് ഫോക്ക് അന്താരാഷ്ട്ര നാടക ഉത്സവത്തോടനുബന്ധിച്ച്, കഴിഞ്ഞകാല നാടക ഉത്സവങ്ങളുടെ പോസ്റ്ററുകളുടെയും, ഫോട്ടോകളുടെയും നാടക സ്കെച്ചുകളുടെയും പ്രദർശനം ശ്രദ്ധേയമാകുന്നു. കഴിഞ്ഞ കാലങ്ങളിൽ ഇറ്റ് ഫോക്കിന് വേണ്ടി പോസറ്റർ തയാറാക്കിയ ശശി ഭാസ്കറിനോടുള്ള ആദര സൂചകമായാണ് ഇറ്റ് ഫോക്കിന്റെ പഴയകാല പോസ്റ്ററുകളുടെ പ്രദർശനം സംഘടിപ്പിച്ചിരിക്കുന്നത്.

ഫോട്ടോ പ്രദർശനത്തിൽ ബാദർ സർക്കാർ എന്ന ബംഗാളി നാടക കലാകാരന്റെ ജന്മശതാബ്ദിയിൽ അദ്ദേഹത്തിന്റെ നാടകങ്ങളിലെ ധന്യ മുഹൂർത്തങ്ങളും വൈകാരിക രംഗങ്ങളുടെയും ബ്ലാക്ക് ആൻഡ് വൈറ്റ് കാഴ്ചയായാണ് ഫോട്ടോ പ്രദർശനം.

വേദിയുടെ പരിമിതികളിൽ നിന്നും പുറത്തേക്കിറങ്ങി കഥ പറയുന്നതിന്റെ നേർക്കാഴ്ചയാവുകയാണ് ഈ ഫോട്ടോകളിലൂടെ. ഒപ്പം അദ്ദേഹത്തെ ആദരിച്ചതിന്റെ ഫോട്ടോകളും കാണാൻ കഴിയും. നാടകത്തിന്റെ വിവിധ

സാധ്യതകൾ പ്രദർശനത്തിന്റെ ഭാഗമായി കാണാൻ അവസരം ഒരുക്കുകയാണ് ഇറ്റ് ഫോക്കിലൂടെ.

✪✪✪

ഗവണ്മെന്റ് മെഡിക്കൽ കോളജ് ഡോക്ടർമാർ ഫെബ്രുവരി രണ്ടു മുതൽ OP ബഹിഷ്കരിക്കാൻ തീരുമാനിച്ചു. ഇതിന് മുന്നോടിയായി ഇന്ന് സൂചനാ സമരം നടത്തും. OP ബഹിഷ്കരണത്തിനു പുറമെ അടിയന്തരമല്ലാത്ത ശസ്ത്രക്രിയകളിൽ നിന്നും, ചികിത്സയിൽ നിന്നും ഡോക്ടർമാർ വിട്ടുനിൽക്കും.

✪✪✪

യുണൈറ്റഡ് ഫോറം ഓഫ് ബാങ്ക് യൂണിയൻസ് ഇന്ന് രാജ്യവ്യാപക പണിമുടക്ക് നടത്തും. പ്രവൃത്തിദിനങ്ങൾ ആഴ്ചയിൽ അഞ്ചാക്കണമെന്ന ആവശ്യം ഉന്നയിച്ചാണ് പണിമുടക്ക്.

✪✪✪

തിരുവനന്തപുരം മലയിൻകീഴ് താലൂക്ക് ആശുപത്രിയുടെ പുതിയ ആറു നില മന്ദിരം മന്ത്രി വീണാ ജോർജ് ഇന്ന് ഉദ്ഘാടനം ചെയ്യും. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം ഉൾപ്പെടെ ആധുനിക രീതിയിൽ സജ്ജീകരിച്ച ആശുപത്രി മലയോര മേഖലയിലെ ജനങ്ങൾക്ക് അഭയ കേന്ദ്രമാകുമെന്ന് മന്ത്രി പറഞ്ഞു.

✪✪✪

ഹയർ സെക്കൻഡറി മേഖയിലെ ഉൾപ്പെടെ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾക്ക് UDF അധികാരത്തിലെത്തിയാൽ പരിഹാരം ഉണ്ടാകുമെന്ന് പ്രതിപക്ഷ ഉപനേതാവ് PK കുഞ്ഞാലിക്കുട്ടി പറഞ്ഞു. കേരള ഹയർ സെക്കണ്ടറി ടീച്ചേഴ്സ് യൂണിയൻ സിൽവർ ജൂബിലി സമ്മേളനം കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ലീഗ് സംസ്ഥാന ജനറൽ സെകട്ടറി PMA സലാം മുഖ്യ പ്രഭാഷണം നടത്തി.

---

*News Editor & News Reader : അനിൽചന്ദ്രൻ*
*NRTs: നിമിഷ ജി, മണികണ്ഠൻ*
*DEO : ഷീബ*